©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2026 ജനുവരി 31
31st January 2026
1201 മകരം 17
17th Makaram 1201
1947 മാഘം 11
11th Magha 1947

നമ്പർ
No. 390

കേരള സർക്കാർ

നികുതി (എച്ച്) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ.**10/2026**/നി.വ തിരുവനന്തപുരം, **2026** ജനുവരി **30**
1201 മകരം **16**

എസ്. ആർ. ഒ. നമ്പർ 116/2026

2014 ഡിസംബർ **3**-ാം തീയതിയിലെ സ.ഉ.(പി) നമ്പർ **198/2014**/നി.വ. നമ്പറായി പുറപ്പെടുവിച്ചതും **2014** ഡിസംബർ **4**-ാം തീയതിയിലെ **2967**-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. **756/2014** ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം കേരള സർക്കാർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളതിനാലും;

2023 ജനുവരി **07**-ാം തീയതിയിലെ സ.ഉ.(പി) നമ്പർ **3/2023**/ടാക്സസ് നമ്പറായി പുറപ്പെടുവിച്ചതും **2023** ജനുവരി **07**-ാം തീയതിയിലെ **55**-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ **17/2023** ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം പുനഃസംഘടിപ്പിച്ച

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ കാലാവധി അവസാനിച്ചതിനാലും;

ഇപ്പോൾ, അതിനാൽ, **2008**-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ആക്ടിലെ **(2009** ലെ **2) 6**-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത് :-

ഔദ്യോഗിക അംഗങ്ങൾ

1. അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ
3. ശ്രീമതി. കൃഷ്ണപ്രിയ ഡി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി. പ്രീത ബി., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

അനൗദ്യോഗിക അംഗങ്ങൾ

1. ശ്രീ. സുബൈർ ടി. ബി.
   തൊട്ടിൽപറമ്പിൽ വീട്, ഇടവെട്ടി പി.ഒ
   തൊടുപുഴ, ഇടുക്കി

2. ശ്രീ. പി.ആർ. ജയപ്രകാശ്
   കളത്തിൽ വീട്, മൂലങ്കാവ് പി.ഒ,
   സുൽത്താൻ ബത്തേരി, വയനാട്.

3. ശ്രീ. ദയാനന്ദൻ ടി.ബി
   താമരശ്ശേരി വീട്, ഇരിങ്ങപ്പുറം പി.ഒ,
   തൃശൂർ.

4. ശ്രീ. ഹഫ്സൽ സുലൈമാൻ
   3/350, മേമൻ മൊഹല്ല, മട്ടാഞ്ചേരി,
   കൊച്ചി, എറണാകുളം.

5. ശ്രീ.വി.ബി. അശോകൻ
   അദ്വൈതം, വടക്കെവിളയിൽ വീട്,
   തോണ്ടൻ കുളങ്ങര
   അലവുകുന്ന് പി.ഒ, ആലപ്പുഴ.

6. ശ്രീ.വി. ബാലൻ
   സാകേതം, തായിനേരി പി.ഒ,
   പയ്യന്നൂർ, കണ്ണൂർ.

7. ശ്രീ.ഫിലിപ്പ് ജോസഫ്
   ഏരുമംഗലത്ത് വീട്, കുമാരനല്ലൂർ പി.ഒ,
   കോട്ടയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ആക്ടിലെ **6**-ാം വകുപ്പ് **(4)**-ാം ഉപവകുപ്പ് പ്രകാരം ബോർഡിലെ അംഗങ്ങളിൽനിന്ന് ശ്രീ. സുബൈർ ടി. ബി., തൊട്ടിൽപറമ്പിൽ വീട്, ഇടവെട്ടി പി.ഒ, തൊടുപുഴ, ഇടുക്കിയെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ ചെയർമാനായി സർക്കാർ ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ. ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008 ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ആക്ടിലെ **6**-ാം വകുപ്പ് **(3)**- ാം ഉപവകുപ്പിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് **2023** ജനുവരി **07**-ാം തീയതിയിലെ സ.ഉ.(പി) നമ്പർ **3/2023**/ടാക്സസ് നമ്പറായി പുറപ്പെടുവിച്ചതും **2023** ജനുവരി **07**-ാം തീയതിയിലെ **55**-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ **17/2023** ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം പുനഃസംഘടിപ്പിച്ച കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ കാലാവധി **2026** ജനുവരി **06**-ന് പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രസ്തുത ബോർഡ് പുനഃസംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.31 01:08:16 +05:30